പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 245 09.06.2014 ൽ മറുപടിക്ക്

## കേരള പോലീസിന് അന്വേഷണ - ക്രമസമാധാന വിഭാഗങ്ങൾ

| ചോദ്യം<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.പി.എ.മാധവൻ | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) കേരള പോലീസിൽ അന്വേഷണ വിഭാഗം പുതിയതായി രൂപീകരിക്കുമോ; | (എ) യും (ബി) യും (സി) യും : സംസ്ഥാനത്തെ പോലീസ് സേനയിൽ 'സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവസ്റ്റിഗേഷൻ' എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്നതു സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യപടിയായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പോലീസ് സിറ്റി ജില്ലകളിൽ ക്രമസമാധാനവും അന്വേഷണവിഭാഗവും വേർതിരിച്ച് പ്രവർത്തനം നടത്തി വരികയാണ്. ത്വരിത ഗതിയിലുള്ള അന്വേഷണ പൂർത്തീകരണവും ഫലപ്രദമായ ക്രമസമാധാന പാലനവും ഉറപ്പു വരുത്തുകയെന്നതാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ശ്രീ.പ്രേംശങ്കർ ഐ.പി.എസ് (റിട്ട.)-നെ ഇപ്രകാരം ഒരു അന്വേഷണ വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ചും, ക്രമസമാധാനവും, കേസന്വേഷണവും വേർതിരിക്കുന്നതിനുള്ള നിർദ്ദേശം പ്രാവർത്തികമാക്കുന്നതിനുള്ള ഭരണപരവും പ്രായോഗികവും, സാമ്പത്തികവുമായ നിർദ്ദേശങ്ങൾ പഠിച്ച് സമഗ്രമായ റിപ്പോർട്ട് നൽകുന്നതിനുമുള്ള കമ്മീഷനായി നിയമിച്ചിരുന്നു. എന്നാൽ പ്രസ്തുത വിഷയത്തിൽ കമ്മീഷൻ നാളിതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| ബി) ഇതിനുള്ള നടപടി ഏതുഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | |
| സി) ക്രമസമാധാനം, അന്വേഷണം ഇവ വേർതിരിക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ? | |

സെക്ഷൻ ഓഫീസർ